## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### പട്ടാമ്പിയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അനധികൃത താമസസ്ഥലങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3215.    19.06.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ അധീനതയിൽ ഉള്ള സ്ഥലങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയമ പ്രകാരമുള്ള അനുമതി ലഭിക്കാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ താമസ സൗകര്യം ഒരുക്കുന്നവർക്കെതിരെ എന്ത് നടപടികൾ ആണ് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ബിൽഡിംഗ് ഓണേഴ്സിന് നോട്ടീസ് അയച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം താമസക്കാരെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ ആണ് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ മാത്രമേ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു എന്നുള്ളതിനാൽ ജില്ലാ ഭരണകൂടത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇവർക്ക് പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റാനുള്ള സൗകര്യങ്ങൾ ഇല്ലാത്തത് ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | അനധികൃത താമസസ്ഥലങ്ങൾ എത്രയും പെട്ടെന്ന് നിർത്തലാക്കുകയും ഇത്തരം അനധികൃത താമസം ഒരുക്കുന്നവർക്കെതിരെ കർശന നടപടികൾ എടുക്കുകയും ചെയ്യുമോ? | (ഇ) | ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ